**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **08-02-2023 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലത്തും തുടർന്നും നിർത്തിവച്ച ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്തും തുടർന്നും നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോവിഡ് കാലത്തും തുടർന്നും നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യങ്ങളിൽ നിന്നുപോയതും യാത്രാവശ്യം കുറവായി നിന്നുപോയതും നിലവിൽ യാത്രാവശ്യം വന്നതുമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | താമരശ്ശേരി കോഴിക്കോട് ഡിപ്പോകളിൽ നിന്നും ബാലുശ്ശേരി നിയോജക മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് 2020-22 കാലയളവിൽ നിർത്തലാക്കിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (ബി) | താമരശ്ശേരി കോഴിക്കോട് ഡിപ്പോകളിൽ നിന്നായി ബാലുശ്ശേരി നിയോജക മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന 12 സർവ്വീസുകളാണ് 2020-22 കാലയളവിൽ നിന്നുപോയിട്ടുള്ളത്.<br><br><u>കോഴിക്കോട്</u><br><br>1. 06.40 ബാലുശ്ശേരി<br><br>2. 07.10 ബാലുശ്ശേരി<br><br>3. 07.20 ബാലുശ്ശേരി<br><br>4. 05.20 ബാലുശ്ശേരി<br><br><u>താമരശ്ശേരി</u><br><br>1. കൊയിലാണ്ടി - പെരിന്തൽമണ്ണ (5 ഷെഡ്യൂൾ)<br><br>2. ചീക്കിലോട് - കോഴിക്കോട്<br><br>3. ഉള്ള്യേരി - ചെറുവാടി<br><br>4. കോഴിക്കോട് - ബാലുശ്ശേരി (കപ്പുറം) |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്സുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ സമഗ്രപുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അധികമായി നോൺ പീക്ക് |

| | | | |
|---|---|---|---|
| | | | സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു. ഇത്തരത്തിൽ ഡ്യൂട്ടികൾ ക്രമീകരിക്കുമ്പോൾ ജീവനക്കാരെ പുനർവിന്യസിക്കുകയും തദ്വാര ലാഭകരവും ജനോപകാരപ്രദവുമായ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ സാധിക്കുകയും ചെയ്യും. കൂടാതെ നിന്നുപോയ നഷ്ടത്തിലുള്ളതും എന്നാൽ ജനോപകാരപ്രദമായതുമായ സർവ്വീസുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹകരണം ആവശ്യമാണ്. ഇപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തിയും സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ഡി) | കുരാച്ചുണ്ട് പോലുള്ള മലയോര മേഖലകളിലേയ്ക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുന്നറിയിപ്പില്ലാതെ നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | എല്ലാ ദിവസവും പരമാവധി സർവ്വീസുകൾ അയയ്ക്കാറുണ്ടെങ്കിലും ബസ്സുകൾ ബ്രേക്ക് ഡൗൺ ആവുക, തുടങ്ങിയ ആകസ്മിക സാഹചര്യങ്ങളിൽ മാത്രം സർവ്വീസുകൾ / ട്രിപ്പുകൾ മുന്നറിയിപ്പ് നൽകാനാകാതെ റദ്ദാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ